# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3514 12.05.2017-ൽ മറുപടിയ്ക്ക്**

## മത്സ്യ മാർക്കറ്റ് വിപുലീകരണത്തിന് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യ മാർക്കറ്റ് വിപുലീകരണത്തിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; | എ) മാർക്കറ്റുകൾ നവീകരണത്തിനായി 50% കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പാക്കി വരുന്ന പദ്ധതി നിലവിലു ണ്ട്. |
| ബി) പുതിയ മത്സ്യ മാർക്കറ്റ് ആരംഭിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ; | ബി) പുതിയവ ആരംഭിക്കുന്നതിന് പദ്ധതികൾ നിലവിലില്ല. നിലവിലുള്ള മാർക്കറ്റുകളുടെ ആധുനികവത്ക്കരണത്തിനാണ് പദ്ധതികൾ നിലവിലുള്ളത്. എങ്കിലും പുതിയ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് പ്രത്യേകപദ്ധതി ആവിഷ്കരിക്കുന്നത് ആലോചനയിലുണ്ട്. |
| സി) മത്സ്യ മാർക്കറ്റ് നവീകരണത്തിന് എത്ര തുക അനുവദിക്കുന്നുണ്ട്; തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; | സി) ഓരോ മാർക്കറ്റിന്റെയും സാധ്യതയും ആവശ്യകതയും അടിസ്ഥാനമാക്കിയാണ് പദ്ധതി അടങ്കൽ നിശ്ചയിക്കുന്നത്. ഒരു ചില്ലറ വിൽപ്പന സ്റ്റാളിന് പരമാവധി 10 ലക്ഷം രൂപ കണക്കിൽ ആണ് പദ്ധതി അടങ്കൽ തയ്യാറാക്കുന്നത്. 50 ശതമാനമാണ് കേന്ദ്ര ധനസഹായമായി ലഭിക്കുന്നത്. ബാക്കി തുക സംസ്ഥാന സർക്കാർ വിഹിതമാണ്. ഇതനുസരിച്ച് 10 ചില്ലറ മത്സ്യ വിൽപ്പന സ്റ്റാളുകൾ അടങ്ങുന്ന മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്ന തിനായി ആകെ അടങ്കൽ തുകയുടെ 50 ശതമാനം തുകയോ അല്ലെങ്കിൽ പരമാവധി 50 ലക്ഷം രൂപയോ, 20 ചില്ലറ മത്സ്യ വിൽപ്പന സ്റ്റാളുകൾ അടങ്ങുന്ന മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി ആകെ അടങ്കൽ തുകയുടെ 50 ശതമാനം തുകയോ അല്ലെങ്കിൽ പരമാവധി ഒരു കോടി രൂപയോ, 50 ചില്ലറ മത്സ്യ വിൽപ്പന സ്റ്റാളുകൾ അടങ്ങുന്ന മത്സ്യമാർക്കറ്റ് ആധുനിക വൽക്കരിക്കുന്നതിനായി ആകെ അടങ്കൽ തുകയുടെ 50 ശതമാനം തുകയോ അല്ലെങ്കിൽ പരമാവധി 250 ലക്ഷം രൂപയോ പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി കേന്ദ്ര സർക്കാരിൽ നിന്നും അനുവദിക്കാറുണ്ട്. |

| | | |
|---|---|---|
| ഡി) | കോട്ടക്കൽ മണ്ഡലത്തിൽ നിലവിലുള്ള മത്സ്യമാർക്കറ്റുകൾ ഏതെല്ലാം; പുതിയതായി ആംഭിക്കുവാൻ ഉദ്ദേശിക്കുന്ന മാർക്കറ്റുകൾ ഏതെല്ലാം; ഇതിനായി ഓരോന്നിനും തുക മാറ്റിവെച്ചിട്ടുണ്ടോ; | ഡി) കോട്ടക്കൽ മണ്ഡലത്തിൽ പുതിയതായി മത്സ്യ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതികൾ നിലവിലില്ല. |
| ഇ) | മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് ഏതെങ്കിലും കേന്ദ്ര പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ? | ഇ) മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് 50% ധന സഹായത്തോടെ കേന്ദ്ര സർക്കാരിന്റെ ബ്ലൂ റെവല്യൂഷൻ പദ്ധതി നിലവിലു ണ്ട്. |

Sreekala T.P

**സെക്ഷൻ ആഫീസർ**